20. ശ്രീ. ആർ. മധുസൂദനൻ, സി.ഐ. ഓഫ് പോലീസ്.

21. ശ്രീ. മനോജ്കുമാർ വി. വി., എച്ച്. സി. 3391.

22. ശ്രീ. പ്രസാദ് കുമാർ, ഹവി. 7867.

(സി) Kerala Govt. Servants Conduct Rules para 48 പ്രകാരമാണ് സർക്കാർ അനുമതി നൽകുന്നത്.

(ഡി) സിനിമ, സീരിയൽ അഭിനയത്തിന് പ്രതിഫലം പറ്റുകയില്ല എന്ന് Declaration തരുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അനുമതി നൽകുന്നത്.

(ഇ) ഷൂട്ടിങ്ങിംഗിൽ പങ്കെടുക്കുന്ന സമയം ഡ്യൂട്ടിയെ ബാധിക്കില്ല, അഭിനയം പൊതുതാൽപ്പര്യം ഹനിക്കപ്പെടുകയില്ല, പ്രതിഫലം വാങ്ങുകയില്ല എന്നീ വ്യവസ്ഥകൾക്ക് വിധേയമായാണ് സർക്കാർ സിനിമ, സീരിയൽ അഭിനയത്തിന് അനുമതി നൽകുന്നത്.

2001-2006-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തതിന്റെ വിശദാംശം

41 (5951) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2001-2006-ൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊക്കെ കേസ്സുകളിലെ പ്രതികളെയാണ് ഈ സർക്കാരിന്റെ കാലത്ത് അറസ്റ്റ് ചെയ്തിട്ടുള്ളതെന്ന് ഓരോ കേസ്സിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മൊബൈൽ ഫോൺ, സിം കാർഡ് സേവനദാതാക്കളുടെ ഏജൻസികൾ നടത്തുന്ന തട്ടിപ്പുകൾ

42 (5952) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ഫോൺ, സിംകാർഡ് സേവനദാതാക്കളുടെ ഏജൻസികൾ നടത്തുന്ന തട്ടിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഏജൻസികളെ നിരീക്ഷിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളതാണെന്നും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഏജൻസികളുടെ പ്രവർത്തനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ചുള്ളതാണോയെന്ന് പരിശോധിക്കുന്നതിനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ജില്ലകളിൽ SHO മാർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഇവയെക്കുറിച്ച് നിരീക്ഷിക്കുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

പനവൂർ കൃഷിഭവനിൽ നടത്തിയ അക്രമം സംബന്ധിച്ച കേസ് അന്വേഷണം

43 (5953) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ കൃഷി ഭവനിൽ 2010 ജൂൺ 23-ന് ഒരു സംഘം സാമൂഹ്യ വിരുദ്ധർ നടത്തിയ അക്രമം സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ഇതു സംബന്ധിച്ച് നെടുമങ്ങാട് പോലീസ് എടുത്തിട്ടുള്ള എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 23-6-2010-ന് ശ്രീജേഷ് 31/2010, S/o പ്രഭാകരൻ പിള്ള, ദിവ്യാ ഭവൻ, ആനാട്, പനവൂർ വില്ലേജ് (അഗ്രികൾച്ചറൽ അസിസ്റ്റന്റ്) എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം 720/2010 u/s 452, 323, 324, 332 & 34 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും, തുടർന്ന് 30-6-2010-ാം തീയതി പനവൂർ പഞ്ചായത്ത് മെമ്പർ ഷറഫ്, ഷാജി, കണ്ടാലറിയാവുന്ന ഒരാൾ തുടങ്ങി മൂന്നോളം പേർക്കെതിരെ, നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-2 മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) എഫ്.ഐ.ആർ-ന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly